ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**Acd/SPC(1)/21442/HSE/2012-13** **തീയതി : 29.06.2012**

# സർക്കുലർ

വിഷയം : ഹയർസെക്കന്ററി വിദ്യാഭ്യാസം - 2012-2013 സ്കൂൾ വർഷത്തെ മെരിറ്റ് കം സ്കോളർഷിപ്പ് പദ്ധതി സംബന്ധിച്ച് -

സൂചന : G.O(Rt) No. 4985/07/Gl.Edn Dated 26.10.2007

സംസ്ഥാന സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതിയുടെ ഭാഗമായി ഹയർസെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്കായി 5 കോടി രൂപയുടെ പതിനായിരം സ്കോളർഷിപ്പുകൾ നൽകുന്ന പദ്ധതി 2007-2008 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. 2012-13 സാമ്പത്തിക വർഷത്തിലും ഈ പദ്ധതിക്ക് 600 ലക്ഷം രൂപയുടെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഹയർസെക്കന്ററി മേഖലയിലെ 12000 സ്കോളർഷിപ്പുകളിൽ ആയിരം സ്കോളർഷിപ്പുകൾ വൊക്കേഷണൽ ഹയർസെക്കന്ററിക്കും 11000 സ്കോളർഷിപ്പുകൾ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കുമാണ് നൽകുന്നത്. വർഷത്തിൽ 5000 രൂപാ വീതം പഠന സഹായം നൽകുന്ന ഈ സ്കോളർഷിപ്പിൽ 9315 എണ്ണം ജനറൽ കാറ്റഗറിയിലും 1443 എണ്ണം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും 242 എണ്ണം കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവർക്കും, വ്യത്യസ്ത ശാരീരിക കഴിവ് ഉള്ളവർക്കും (**differently abled**) നൽകി വരുന്നു.

പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് തുല്യമായാണ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നത്. ഒന്നാം വർഷം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥിക്കാണ് രണ്ടാം വർഷവും സ്കോളർഷിപ്പിന് അർഹത. എന്നാൽ ഇവർ **XI-**ാം ക്ലാസ്സിലെ വർഷാന്ത്യ പരീക്ഷയിലോ, ഇംപ്രൂവ്മെന്റ് പരീക്ഷയിലോ എല്ലാ വിഷയങ്ങൾക്കും തിയറി പേപ്പറിന് 30 ശതമാനത്തിൽ കുറയാത്ത സ്കോറും 70 ശതമാനം ഹാജരും കരസ്ഥമാക്കിയിരിക്കണം. എന്നാൽ അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്യുന്നതിനായി യോഗ്യതാ മാനദണ്ഡത്തിൽ സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഒന്നാം വർഷം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥി രണ്ടാം വർഷം യോഗ്യത ഇല്ലാതെ വരികയോ (**XI-**ാം ക്ലാസ്സിലെ വർഷാന്ത്യ പരീക്ഷ/ഇംപ്രൂവ്മെന്റ് പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും തിയറി പേപ്പറിന് 30 ശതമാനത്തിൽ കുറയാത്ത സ്കോറും 70 ശതമാനം ഹാജരും) രണ്ടാം വർഷം പഠനം നിർത്തി പോവുകയോ ചെയ്താൽ കഴിഞ്ഞ വർഷം തയ്യാറാക്കിയ പ്ലസ് വൺ വിദ്യാർത്ഥികളുടെ മുൻഗണന പട്ടികയിൽ സ്കോളർഷിപ്പ് ലഭിക്കാത്ത ഏറ്റവും ഉയർന്ന സ്ഥാനത്ത് ഉള്ളതും ഇപ്പോൾ രണ്ടാം വർഷം പഠിക്കുന്നതും സ്കോളർഷിപ്പ് ഗൈഡ് ലൈൻസിൽ നിഷ്കർഷിക്കുന്നത് പ്രകാരം യോഗ്യതയുള്ളതുമായ വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് നൽകാവുന്നതാണ്.

ഓരോ സ്കൂളിനും **XI** ഉം **XII** ഉം ക്ലാസ്സുകളിലേക്ക് അനുവദിച്ച സ്കോളർഷിപ്പുകളുടെ എണ്ണം സ്കോളർഷിപ്പുകളുടെ വിതരണ പട്ടികയിൽ നോക്കി പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തേണ്ടതാണ്.

## അപേക്ഷകർ :-

**ജനറൽ കാറ്റഗറി :**

അപേക്ഷകർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളായിരിക്കണം. എസ്.എസ്.എൽ.സി അല്ലെങ്കിൽ തുല്യ പരീക്ഷയിലെ ഗ്രേഡ് / മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കണം അർഹരായ പ്ലസ് വൺ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കേണ്ടത്. സ്കൂൾ തല കമ്മിറ്റി കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ ഏറ്റവും യോഗ്യരായ വിദ്യാർത്ഥികൾക്കായിരിക്കണം സ്കോളർഷിപ്പ് നൽകേണ്ടത്. ജനറൽ കാറ്റഗറിയിലേക്ക് പരിഗണിക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരോ കലാകായിക മത്സരങ്ങളിൽ മികവ് പുലർത്തിയവരോ വ്യത്യസ്തമായ ശാരീരിക കഴിവുകൾ ഉള്ളവരോ (അംഗവൈകല്യം മുതലായ) ആയിരുന്നാലും ഗ്രേഡ്/ മാർക്കിന്റെ അടിസ്ഥാനത്തിൽ ഏറ്റവും യോഗ്യരാണെങ്കിൽ അവരെ പരിഗണിക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ ബി.പി.എൽ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ സർക്കാരിന്റെ മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി നീക്കിവച്ചിരിക്കുന്ന സ്കോളർഷിപ്പുകളിലേക്ക് പരിഗണിക്കേണ്ടതാണ്.

### പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം

അപേക്ഷകർ ദാരദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ആയിരിക്കണം. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷയിലെ ഗ്രേഡ്/മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കണം അർഹരായ പ്ലസ് വൺ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേണ്ടത്. മറ്റ് സ്കോളർഷിപ്പുകളും ഗ്രാന്റുകളും ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളും ഈ സ്കോളർഷിപ്പിന് അർഹരാണ്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അപേക്ഷകൾ ഫോറം നമ്പർ 4-ൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തിലേക്ക് 2012 ഓഗസ്റ്റ് 23-ന് മുൻപ് അയച്ചു കൊടുക്കേണ്ടതാണ്. യാതൊരു കാരണവശാലും ഇത് ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതില്ല.

### കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ചവർ

കലാകായിക മത്സരങ്ങളിൽ ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ മികവ് തെളിവിച്ചിട്ടുള്ളവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളൽപ്പെട്ടവരുമായ ഒന്നാം വർഷ വിദ്യാർത്ഥികളായിരിക്കണം അപേക്ഷകർ.

### വ്യത്യസ്ഥ ശാരീരിക കഴിവുകളുള്ളവർ

ഈ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം. അംഗീകൃത മെഡിക്കൽ ബോർഡിൽ നിന്നും 40 ശതമാനത്തിൽ കുറയാത്ത അംഗവൈകല്യമുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.

കലാകായിക മത്സരങ്ങളിൽ കഴിവ് തെളിയിച്ചവർ/ വ്യത്യസ്ഥമായ ശാരീരിക കഴിവ് ഉള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പട്ടിക മുൻഗണനാ ക്രമത്തിൽ ഫാറം നമ്പർ 5-ൽ പ്രത്യേകം പ്രത്യേകം തയ്യാറാക്കി 2012 ആഗസ്റ്റ് 23-ന് മുമ്പ് ഹയർ സെക്കന്ററി അക്കാഡമിക് ജോയിന്റ് ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്.

### പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടത്

1. സ്കോളർഷിപ്പ് തുകയുടെ അലോട്ട്മെന്റ് കിട്ടി രണ്ടു ദിവസത്തിനകം ട്രഷറിയിൽ നിന്ന് തുക മാറി അർഹരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്. അനുവദിച്ച തുക ഒന്നും തന്നെ ലാപ്സാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച അലോട്ട്മെന്റ് ലെറ്റർ സ്കൂൾ പ്രിൻസിപ്പലിന് കിട്ടിയില്ലെങ്കിൽ ഡയറക്ടറേറ്റിലെ അക്കാഡമിക് സെക്ഷനിലോ 0471 2323198 എന്ന ടെലിഫോൺ നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.
2. **XI**-ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് തുടർന്ന് **XII**-ാം ക്ലാസ്സിലും സ്കോളർഷിപ്പ് ലഭിക്കണമെങ്കിൽ അവർ 11-ാം ക്ലാസ്സിലെ വർഷാന്ത്യ പരീക്ഷയിലോ ഇംപ്രൂവ്മെന്റ് പരീക്ഷയിലോ എല്ലാ വിഷയങ്ങളിലും തിയറി പേപ്പറിന് 30

ശതമാനത്തിൽ കുറയാത്ത സ്കോറും 70 ശതമാനത്തിൽ കുറയാത്ത ഹാജരും കരസ്ഥമാക്കിയിരിക്കണം. ഈ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടർന്നു ലഭിക്കാൻ വീണ്ടും അപേക്ഷ നൽകേണ്ടതില്ല. എന്നാൽ ഇവരുടെ പുതുക്കൽ അപേക്ഷ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫോമിൽ രേഖപ്പെടുത്തി ജനറൽ കാറ്റഗറിയിലേതും കലാകായിക രംഗത്തേയും വ്യത്യസ്ഥ ശാരീരിക കഴിവുള്ള വിഭാഗത്തിലേയും ഹയർസെക്കന്ററി അക്കാഡമിക് ജോയിന്റ് ഡയറക്ടർക്കും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന്റേത് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും 23.08.2012-ന് മുമ്പ് അയച്ചു കൊടുക്കേണ്ടതാണ്.

3. സ്കോളർഷിപ്പ് തുക വിതരണം ചെയ്തതിന്റെ അക്യൂറ്റൻസ് സ്കൂളുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ആവശ്യപ്പെടുമ്പോൾ ഇവ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.
4. ജനറൽ കാറ്റഗറിയിൽ സ്കോളർഷിപ്പിന് അർഹരായ കുട്ടികളെ മറ്റ് വിഭാഗങ്ങളിലേക്കുള്ള സ്കോളർഷിപ്പിന് പരിഗണിക്കരുത്. യാതൊരു കാരണവശാലും ഇവരുടെ പേര് വിവരങ്ങൾ ഫോറം നമ്പർ 4-ൽ ജില്ലാ പഞ്ചായത്തിലേക്കോ ഫോറം നമ്പർ 5-ൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിലേക്കോ അയക്കേണ്ടതില്ല. അതുപോലെ ഒരു കാറ്റഗറിയിൽ ഉൾപ്പെടുത്തിയ വിദ്യാർത്ഥിയെ മറ്റൊരു കാറ്റഗറിയിലേക്ക് ശുപാർശ ചെയ്യരുത്.
5. കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവരുടേയും ശാരീരിക വൈകല്യമുള്ളവരുടേയും അപേക്ഷകൾ സൂഷ്മപരിശോധനയ്ക്ക് ശേഷം മെരിറ്റിന്റെ മുൻഗണനാ ക്രമം അനുസരിച്ച് ഫോറം നമ്പർ 5-ൽ പ്രത്യേകം പ്രത്യേകം ലിസ്റ്റുകളാക്കി ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)ന്റെ പേരിൽ അയക്കേണ്ടതാണ്.
6. ജനറൽ വിഭാഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പേര് വിവരം അടങ്ങിയ പട്ടിക ട്രഷറിയിൽ അവാർഡ് തുക മാറുന്നതിനായി ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. അപേക്ഷകരായ വിദ്യാർത്ഥികൾ പൂരിപ്പിച്ചു നൽകേണ്ട അപേക്ഷാഫാറം നമ്പർ ഒന്നിന്റെ പകർപ്പ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്.
8. സ്കോളർഷിപ്പ് പദ്ധതിയെക്കുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണം നൽകേണ്ടതും, സ്കോളർഷിപ്പുകൾ ഒന്നും തന്നെ പാഴായി പോകുന്നില്ല എന്നും പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തേണ്ടതാണ്.
9. അലോട്ട്മെന്റ് ലഭിച്ചശേഷം ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും വിദ്യാർത്ഥിയെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ ഉടൻ തന്നെ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് അലോട്ട്മെന്റ് പുതുക്കി വാങ്ങേണ്ടതാണ്.
10. രണ്ടാം വർഷം സ്കോളർഷിപ്പിന് പട്ടികജാതി/പട്ടികവർഗ്ഗ, കലാകായിക ശാരീരിക വൈകല്യം എന്നീ വിഭാഗത്തിൽപ്പെടുന്ന അർഹരായ വിദ്യാർത്ഥികളുടെ പട്ടികയും മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷ പുതുക്കുന്നതിനുള്ള ഫോറത്തിൽ യഥാക്രമം ജില്ലാ പഞ്ചായത്തിനും ഡയറക്ടറേറ്റിനും 23.08.2012-ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്.
11. ഓരോ സ്കൂളിനും അനുവദിച്ച ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും സ്കോളർഷിപ്പുകളുടെ എണ്ണം സംബന്ധിച്ച പൂർണ്ണവിവരം പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

<u>സമയക്രമം</u>

| | | |
|---|---|---|
| 1. | വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി | 16/08/2012 |
| 2. | സെലക്ഷൻ കമ്മറ്റി കൂടി അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തേണ്ട അവസാന തീയതി | 20/08/2012 |
| 3. | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ലാ പഞ്ചായത്തിലേക്ക് അയക്കേണ്ട അവസാന തീയതി | 23/08/2012 |
| 4. | കലാകായിക രംഗങ്ങളിലെയും ശാരീരിക വൈകല്യം ഉള്ളവരുടെയും അപേക്ഷ ഡയറക്ടറേറ്റിലേക്ക് അയക്കേണ്ട അവസാന തീയതി | 23/08/2012 |

സ്കോളർഷിപ്പ് പദ്ധതിയുടെ വിശദവിവരങ്ങൾ സ്കൂളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

പകർപ്പ് :

1. എല്ലാ ഗവൺമെന്റ് / എയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാർക്കും
2. ഹയർസെക്കന്ററി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ
3. ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ
4. ഡയറക്ടറുടെ പി.എ
5. ഫൈനാൻസ് ഓഫീസർ (പി.എ)
6. ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
7. കരുതൽ ഫയൽ / അധികം

## ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള അക്കാഡമിക് മികവ് പുലർത്തുന്ന ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സ്കീം

## ഫാറം നമ്പർ 1

**(അപേക്ഷകരായ വിദ്യാർത്ഥികൾ പൂരിപ്പിച്ച് നൽകേണ്ടത്)**

1. വിദ്യാർത്ഥിയുടെ പേര് :
2. ക്ലാസ്സ് : വിഷയങ്ങൾ
3. അഡ്മിഷൻ നം :
4. ജനനത്തീയതി :
5. രക്ഷകർത്താവിന്റെ പേര് :
6. എസ്.എസ്.എൽ സി, അല്ലെങ്കിൽ തത്തുല്യപരീക്ഷ പാസ്സായ വിവരങ്ങൾ

   രജിസ്റ്റർ നമ്പർ ..................................വർഷം..........................

   **ഗ്രേഡുകൾ**

| പേപ്പർ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഗ്രേഡ് | | | | | | | | | | |

7. താങ്കൾ ബി.പി.എൽ.(ദാരിദ്ര്യരേഖക്ക് താഴെ ) വിഭാഗത്തിൽ പെടുന്നയാളാണോ?
8. ☐ അതെ ☐ അല്ല

   (ഉത്തരം അതെയെന്നാണെങ്കിൽ അനുബന്ധരേഖകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കുക)
9. താങ്കൾ താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിൽ പെടുന്നയാളാണോ?

   (ഉൾപ്പെടുന്നുവെങ്കിൽ അതാത് ബോക്സുകളിൽ ☐ മാർക്ക് ചെയ്യുക)

   ☐ മാതാപിതാക്കളിരുവരും ജീവിച്ചിരിപ്പില്ല.

   ☐ മാതാപിതാക്കളിലൊരാൾ മാത്രമേ ജീവിച്ചിരിക്കുന്നുള്ളു

   ☐ മാതാവ് അവിവാഹിത, വിധവ, അല്ലെങ്കിൽ വിവാഹബന്ധം വേർപെടുത്തിയയാളാണ്.

   ☐ മാതാപിതാക്കളിലൊരാൾ അല്ലെങ്കിൽ രണ്ടുപേരും ശാരീരിക വൈകല്യമുള്ളവരാണ് (സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കുക)
10. താങ്കളുടെ മാതാപിതാക്കളിലാരെങ്കിലും താഴെപ്പറയുന്ന ഏതെങ്കിലും മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണോ?

    ☐ മൽസ്യബന്ധനം ☐ കശുവണ്ടി ☐ കയർ ☐ ബീഡി

    ☐ ഇഷ്ടിക/ഓട് നിർമ്മാണം

11 താങ്കൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും സ്കോളർഷിപ്പ് ഇപ്പോൾ ലഭിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ രേഖപ്പെത്തുക.

12 താങ്കൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നയാളാണോ?

☐ അതെ ☐ അല്ല (അതെയെന്നാണുത്തരമെങ്കിൽ ഏതു വിഭാഗം, ഉപവിഭാഗം എന്നു രേഖപ്പെടുത്തുക)

13 താങ്കൾ ഏതെങ്കിലും കായിക മൽസരങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതിനത്തിൽ ? (നേടിയിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കുക)

14 നേട്ടം കൈവരിച്ചത് ഏത് തലത്തിൽ?

☐സംസ്ഥാനതലം ☐ ദേശീയതലം

15. നേട്ടത്തിന്റെ സ്വഭാവമെന്ത്?

☐ ഒന്നാം സ്ഥാനം ☐ രണ്ടാം സ്ഥാനം ☐ പങ്കാളിത്തം മാത്രം

16. താങ്കൾ സംസ്ഥാനതല സ്കൂൾ യൂവജനോൽസവത്തിൽ ഏതെങ്കിലുമിനങ്ങൾക്ക് എ ഗ്രഡ് നേടിയിട്ടുണ്ടോ?

☐ ഉണ്ട് ☐ ഇല്ല

(നേടിയിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കുക)

17 യൂവജനോൽസവത്തിൽ പങ്കെടുത്ത വർഷവും സമ്മാനം നേടിയ ഇനവും രേഖപ്പെടുത്തുക.

18. താങ്കൾ ശാരാരിക വൈകല്യമുള്ളയാളാണോ?

☐അതെ ☐ അല്ല

(അതെയെന്നാണുത്തരമെങ്കിൽ വൈകല്യത്തിന്റെ സ്വഭാവവും ശതമാനവും വെളിപ്പെടുത്തുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കുക)

## <u>പ്രതിജ്ഞാപത്രം</u>

മുകളിൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു കൊള്ളുന്നു. ഈ വസ്തുതകൾ തെറ്റാണെന്നു തെളിയുന്ന പക്ഷം എന്റെ അപേക്ഷ അസാധുവാക്കപ്പെടുമെന്നും സ്കോളർഷിപ്പ് തുക മുഴുവൻ തിരിച്ചടക്കേണ്ടി വരുമെന്നും എനിക്കറിവുള്ളതാണ്.

വിദ്യാത്ഥിയുടെ ഒപ്പ്

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും പരിപൂർണ്ണമായും ശരിയാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

രക്ഷകർത്താവിന്റെ ഒപ്പ്

<u>ക്ലാസ്സ് ടീച്ചറിന്റെ/ട്യൂട്ടറുടെ ശുപാർശ ഇവിടെ രേഖപ്പെടുത്തുക</u>

അധ്യാപകന്റെ/അധ്യാപികയുടെ പേരും ഒപ്പും

സ്ഥലം :

തീയതി :

# Department of Higher Secondary Education

## Scholarship Scheme for Students

## FORM NO. 2

## Details of Applications Received for the Scholarship Scheme

(To be kept as a Register in the School)

**Name of School:** **School Code:** **District:**

| *Sl No.* | *Name of Applicant* | *Admission No.* | *Category (whether general, SC/ST, Arts, Sports, Physically Challenged)* | *Class & Group Selected* | *WGPA* | *Whether the student belongs to BPL category* | *Rank (to be filled after processing the application)* | *Remarks* |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

Name & Signature of the Principal:

Name & Signature of the PTA President:

Place:

Date:

# Department of Higher Secondary Education

## Scholarship Scheme for Students

## FORM NO. 3

*Pro forma* for the General Category

*(Put in the details of the selected students only and forward this to the Director,HSE)*

Name of School: School Code:

District:

| *Sl No.* | *Name of Applicant* | *Admission No.* | *Category (whether general, SC/ST, Arts, Sports, Physically Challenged)* | *Class & Group Selected* | *WGPA* | *Whether the student belongs to BPL category* | *Rank (to be filled after processing the application)* | *Remarks* |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

# Certificate

Certified that the above mentioned candidates have been selected by the Committee after verifying the relevant documents produced by them and found that they are fully qualified for the Scholarship.

| SlNo | Name of Committee Member | Designation | Signature |
|---|---|---|---|
| 1 | | Principal(Chair Person) | |
| 2 | | President, PTA | |
| 3 | | HM | |
| 4 | | Staff Secretary | |
| 5 | | Teacher Representative | |

Place:
Date:

# Department of Higher Secondary Education

## Scholarship Scheme for Students

**FORM NO. 4**

***Pro forma* for the SC/ST Category**

***(Put in the details of all the SC/ST applicants and forward this to the President, District Panchayat)***

Name of School: School Code:

District:

| *Sl No.* | *Name of Applicant* | *Admission No.* | *Category (whether SC/ST)* | *Class & Group Selected* | *WGPA* | *Whether the student belongs to BPL category* | *Rank (to be filled after processing the application)* | *Remarks* |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

# Certificate

Certified that the above mentioned candidates have been selected by the Committee after verifying the relevant documents produced by them and found that they are fully qualified for the Scholarship.

| **SlNo** | **Name of Committee Member** | **Designation** | **Signature** |
|---|---|---|---|
| 1 | | Principal(Chair Person) | |
| 2 | | President, PTA | |
| 3 | | HM | |
| 4 | | Staff Secretary | |
| 5 | | Teacher Representative | |

Place:

Date:

# Department of Higher Secondary Education

Scholarship Scheme for Students

**FORM NO. 5**

***Pro forma* for Arts/Sports/Differently Abled Category**

***(Put in the details of all the applicants in each category and forward this to the Director, HSE)***

Name of School: School Code:

District:

| *Sl No.* | *Name of Applicant* | *Admission No.* | *Category (Whether Arts/Sports or Differently Abled)* | *If Arts/Sports Mention event and Prize won* | *Participation in which level (National/ State)* | *Class & Group Selected* | *WGPA* | *Whether the student belongs to BPL category* | *Rank (to be filled after processing* | *Remarks* |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

## <u>Certificate</u>

Certified that the above mentioned candidates have been selected by the Committee after verifying the relevant documents produced by them and found that they are fully qualified for the Scholarship.

| SlNo | Name of Committee Member | Designation | Signature |
|---|---|---|---|
| 1 | | Principal(Chair Person) | |
| 2 | | President, PTA | |
| 3 | | HM | |
| 4 | | Staff Secretary | |
| 5 | | Teacher Representative | |

Place:

Date:

# Department of Higher Secondary Education

## Scholarship Scheme for Students

### FORM NO. 6

*Pro forma* for SC/ST Category

*(Put in the details of the selected students and forward this to the Director, HSE)*

District:

| *Sl No.* | *Name of Applicant* | *Admission No.* | *Category (whether SC or ST, mention sub caste)* | *Class, Group and Name of School with School Code* | *WGPA* | *Whether the student belongs to BPL category* | *Rank (to be filled after processing the application)* | *Remarks* |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

## Certificate

Certified that the above mentioned candidates have been selected by the Committee after verifying the relevant documents produced by them and found that they are fully qualified for the Scholarship.

| **SlNo** | **Name of Committee Member** | **Designation** | **Signature** |
|---|---|---|---|
| 1 | | DPC Chairperson (Chair Person) | |
| 2 | | Chairman, Standing Committee for Education,District Panchayat(Member) | |
| 3 | | Deputy Director, General Education (Member) | |

Place:
Date: